## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2343. 17.08.2017-ൽ മറുപടിയ്ക്ക്.

# ആദിവാസി ഊരുകളിലെ ജനന സർട്ടിഫിക്കറ്റ് ഇല്ലാത്ത കുട്ടികൾ

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>( പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ)<br>&<br>(ബി) | ജനന സർട്ടിഫിക്കറ്റ് ഇല്ലാത്തതുമൂലം ആദിവാസി ഊരുകളിലെ കുട്ടികൾ വിദ്യാഭ്യാസ രംഗത്ത് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br>ജനന സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ് എന്നിവ നേടിയെടുക്കാൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ)<br>&<br>(ബി) | പരിശോധിച്ചിട്ടുണ്ട്. വീടുകളിൽ വച്ച് നടക്കുന്ന പ്രസവങ്ങളിലെ കുട്ടികൾക്ക് സ്കൂൾ പ്രവേശന സമയത്ത് ജനന സർട്ടിഫിക്കറ്റ് ഇല്ലാത്തതുമൂലം ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസം മുടങ്ങുന്ന സാഹചര്യം നിലവിലില്ല.<br>സ്കൂൾ അഡ്മിഷൻ രജിസ്റ്റർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സാക്ഷ്യപത്രം എന്നിവയിലേതെങ്കിലുമോ ലഭ്യമാക്കിയാൽ തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ് എന്നിവ നേടിയെടുക്കാവുന്നതാണ്. എന്നാൽ ആധാർ കാർഡിൽ ജനനത്തീയതി രേഖപ്പെടുത്തുന്നതിന് ജനന സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന സാഹചര്യവും നിലനിൽക്കുന്നു. ഇത്തരം സാഹചര്യത്തിൽ പ്രമോട്ടർ മുഖേന ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ജനന സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ജില്ലാകളക്ടറുടെ നിർദ്ദേശ പ്രകാരം അക്ഷയ സെന്ററുകൾ ഊരുകളിൽ പ്രത്യേക |

| | | | |
|---|---|---|---|
| | | | ക്യാമ്പ് സംഘടിപ്പിച്ച് ആധാർ കാർഡുകൾ നൽകുന്നതിനായി നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| സി) | ഇത്തരം ആദിവാസി ഊരുകൾക്ക് പ്രത്യേക പരിഗണന നൽകി ജനന സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സി) | ഇത്തരത്തിലുള്ള ആദിവാസി ഊരുകളിലെ കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് പരാതികൾ പരിഹരിക്കുന്നതിന് പ്രമോട്ടർമാർ മുഖേന വ്യാപക പ്രചാരണവും ആയതിനുള്ള സഹായങ്ങളും ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br><br>[signature]<br>സെക്ഷൻ ഓഫീസർ |